നം.ഇ.എക്സ്.സി.ജനറൽ(1)65001/2013/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം-12
തീയതി.22/10/2013

പ്രേഷിതൻ

സെക്രട്ടറി
പരീക്ഷാഭവൻ

സ്വീകർത്താവ്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ

സർ,

വിഷയം- എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2014- ഹൈസ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർക്കുള്ള ഒറിയന്റേഷൻ പ്രോഗ്രാമിന് മുന്നോടിയായുള്ള വീഡിയോ കോൺഫറൻസ് - സംബന്ധിച്ച്.

സൂചന- 5/10/2013 -ാം തീയതിയിലെ എസ്.എസ്.എൽ.സി. പരീക്ഷാ വിജ്ഞാപനം

കഴിഞ്ഞ വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ കാര്യക്ഷമമായി നടത്തുന്നതിന്റെ ഭാഗമായി പരീക്ഷാഭവൻ സെക്രട്ടറിയുടെ നേതൃത്വത്തിൽ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ഹെഡ്മാസ്റ്റർമാർക്കുള്ള ഒറിയന്റേഷൻ പ്രോഗ്രാം നടത്തിയിരുന്നു. എന്നാൽ 2014 മാർച്ച് മാസം 10-ാം തീയതി ആരംഭിക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ മുന്നൊരുക്കമായി ഹെഡ്മാസ്റ്റർമാർക്കുള്ള ഒറിയന്റേഷൻ ക്ലാസ്സുകൾ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ നേതൃത്വത്തിൽ ജില്ലകളിൽ നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

അതിന്റെ മുന്നോടിയായി 26/10/2013 തീയതി ശനിയാഴ്ച രാവിലെ 10.30 മണിക്ക് ഒരു വീഡിയോ കോൺഫറൻസ് നടത്തുന്നതാണ്. കോൺഫറൻസിൽ ഓരോ വിദ്യാഭ്യാസ ജില്ലയിൽനിന്നും, വിദ്യാഭ്യാസ ആഫീസർ, ബന്ധപ്പെട്ട സെക്ഷൻ സൂപ്രണ്ട്, ക്ലാർക്ക്, കൂടാതെ ഒറിയന്റേഷൻ ക്ലാസ്സുകൾ കൈകാര്യം ചെയ്യുവാൻ വിദ്യാഭ്യാസ ഓഫീസറെ സഹായിക്കുവാൻ പ്രാപ്തരായ 2 ഹെഡ്മാസ്റ്റർമാർ എന്നിവരെ വീഡിയോ കോൺഫറൻസിന് അതാത് ജില്ലയിലെ ഐ.റ്റി. അറ്റ് സ്കൂളിന്റെ റിസോഴ്സ് സെന്ററിൽ പങ്കെടുപ്പിക്കുവാൻ എല്ലാ വിദ്യാഭ്യാസ ആഫീസർമാരെയും ചുമതലപ്പെടുത്തുന്നു..

വിശ്വസ്തതയോടെ,

(ഒപ്പ്)
സെക്രട്ടറി